**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **09-12-2022 - ൽ മറുപടിയ്ക്ക്**

**മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായി വകുപ്പ് മുഖേന ധനസഹായം നൽകുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വി കെയർ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ പരിശോധനയും മെഡിക്കൽ എക്സ്പെർട്ട് കമ്മറ്റിയുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ധനസഹായം ലഭ്യമാക്കി വരുന്നു . ക്യാൻസർ സുരക്ഷ ,താലോലം തുടങ്ങിയ പദ്ധതികൾ പ്രകാരവും ചികിത്സാ സഹായം ലഭ്യമാക്കി വരുന്നു. |
| (ബി) | ഇതിനായി കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നതിനും തുക അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) | വി കെയർ പദ്ധതിയ്ക്ക് ബജറ്റ് വിഹിതം ലഭ്യമല്ല . എന്നാൽ ബജറ്റ് വിഹിതം ലഭ്യമായ മറ്റ് പദ്ധതികളിൽ ആവശ്യമുള്ള പക്ഷം കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | ബ്ലോക്ക് തലത്തിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ബ്ലോക്ക് തലത്തിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ